# INDIAN SCHOOL AL WADI AL KABIR

| | | |
|---|---|---|
| **CLASS: IX** | **DEPARTMENT: MALAYALAM** | **DATE: 10/08/2023** |
| **Class Note** | **Lesson: വാക്യരചന - 1** | **Topic: Descriptive** |

## വാക്യത്തിൽ പ്രയോഗിക്കുക

**തകിടംമറിയുക :** കൊറോണാവൈറസിൻെറ ആക്രമണം ലോകരാജ്യങ്ങളുടെ സമ്പദ്ഘടനയെ തകിടംമറിച്ചു.

**പിടിച്ചുകുലുക്കുക :** മലയാളികളുടെ മനസ്സിനെ പിടിച്ചുകുലുക്കിയ ദുരന്തമാണ് രണ്ടു വർഷത്തിനു മുൻപ് പെട്ടിമുടിയിൽ ഉണ്ടായത്.

**തരണംചെയ്യുക :** പ്രതിബന്ധങ്ങളെ തരണംചെയ്യാനുള്ള മനക്കരുത്ത് ഓരോ വ്യക്തിയും നേടിയെടുക്കണം.

**വഴിപിരിയുക :** ഉറ്റ സുഹൃത്തുക്കൾ കലഹിച്ച് വഴിപിരിഞ്ഞാൽ പിന്നീട് അടുക്കുക പ്രയാസമാകും.

**ലക്ഷ്മണരേഖ വരയ്ക്കുക :** ആഗ്രഹങ്ങൾക്ക് ലക്ഷ്മണരേഖ വരച്ചില്ലെങ്കിൽ അത് ആപത്തിന് കാരണമാകും.

**അന്തംവിട്ടുപോവുക :** സർക്കസ് സംഘത്തിലെ ബാലൻെറ അഭ്യാസപ്രകടനം കണ്ട് ആളുകൾ അന്തംവിട്ടുപോയി.

**സ്ഥലംപിടിക്കുക :** മറ്റുള്ളവരുടെ മനസ്സിൽ സ്ഥലംപിടിക്കുക എന്നത് നിസ്സാര കാര്യമല്ല.

**പങ്കുവയ്ക്കുക :** നമ്മുടെ വിഷമം മറ്റുള്ളവരുമായി പങ്കുവയ്ക്കുമ്പോൾ മനസ്സിന് ആശ്വാസം ലഭിക്കും.

**നിറഞ്ഞുനിൽക്കുക :** ഗാന്ധിജിയുടെ ചിത്രം ഓരോ ഭാരതീയൻെറയും മനസ്സിൽ നിറഞ്ഞുനിൽക്കുന്നു.

**ജീവരക്ഷാർത്ഥം :** മദമിളകി വരുന്ന ആനയെ കണ്ട് ആളുകൾ ജീവരക്ഷാർത്ഥം ഓടി.

**വഴുതിവീഴുക :** മുത്തശ്ശിയുടെ കഥ കേട്ടുകൊണ്ടിരുന്ന കുട്ടി സാവധാനം ഉറക്കത്തിലേക്ക് വഴുതിവീണു.

***